## നടപടിക്രമങ്ങൾ പാലിച്ചില്ല: 33 ലക്ഷത്തോളം രൂപ അപഹരിച്ചതിന് പിരിച്ചുവിട്ട തൊഴിലാളിക്ക് ഗ്രാറ്റിവിറ്റി നിഷേധിച്ചത് റദ്ദാക്കി ബോംബെ ഹൈക്കോടതി

C.A.J.W.P. No. 2736/2020 Dt. 14.10.2020

സംഗ്ലി ഡിസ്ട്രിക്ട് പ്രൈമറി ടീച്ചേഴ്സ്
കോ-ഓപ്പറേറ്റീവ് ബേങ്ക് ലിമിറ്റഡ്
x
ബാബ സാഹെബ് മഹാദേവ് പാട്ടീൽ

സഹകരണ ബേങ്കിൽ ജോലി ചെയ്തുവന്ന തൊഴിലാളി ബേങ്കിൽ നിന്ന് 33 ലക്ഷത്തോളം രൂപ അപഹരിച്ചതായി കാണപ്പെട്ടപ്പോൾ അയാൾക്കെതിരെ അച്ചടക്ക നടപടി കൈക്കൊള്ളാൻ മേനേജ്മെന്റ് തീരുമാനിച്ചു. തൊഴിലാളി കുറ്റക്കാരനാണെന്ന് ഗാർഹികാന്വേഷണത്തിൽ തെളിഞ്ഞു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് അയാളെ 1999-ൽ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഗ്രാറ്റിവിറ്റി കണ്ടുകെട്ടാനുള്ള യാതൊരു നിർദ്ദേശവും പിരിച്ചുവിടൽ ഉത്തരവിൽ ഉണ്ടായിരുന്നില്ല. എന്നാൽ തൊഴിലാളിയുടെ ബാധ്യത നിർണ്ണയിക്കുന്നതിനു വേണ്ടി മേനേജ്മെന്റ് മറ്റൊരു അന്വേഷണം നടത്തി. 32,97,250 രൂപ തൊഴിലാളിയിൽ നിന്ന് വസൂലാക്കണമെന്നാണ് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ നിർദ്ദേശിച്ചത്. തുടർന്ന് പ്രസ്തുത തുക തൊഴിലാളിയിൽ നിന്ന് വസൂലാക്കിക്കിട്ടുന്നതിനു വേണ്ടി മേനേജ്മെന്റ് സഹകരണ കോടതിയിൽ ഹർജി സമർപ്പിച്ചു. പ്രസ്തുത ഹർജി പരിഗണനയിലിരിക്കെ ഗ്രാറ്റിവിറ്റി ആവശ്യപ്പെട്ട് തൊഴിലാളി കൺട്രോളിങ് അതോറിറ്റി മുമ്പാകെ അപേക്ഷ നല്കി. 1,39,042 രൂപ 10% പലിശ സഹിതം മേനേജ്മെന്റ് തൊഴിലാളിക്ക് ഗ്രാറ്റിവിറ്റിയായി നല്കണമെന്ന് കൺട്രോളിങ് അതോറിറ്റി വിധിച്ചു. ഇതിനെതിരെ മേനേജ്മെന്റ് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും അത് തള്ളപ്പെടുകയാണുണ്ടായത്. തുടർന്ന് മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തൊഴിലാളി 33 ലക്ഷത്തോളം രൂപ ബേങ്കിൽ നിന്ന് അപഹരിച്ചുവെന്ന കുറ്റം ഗാർഹികാന്വേഷണത്തിലൂടെ തെളിഞ്ഞിട്ടുണ്ടെന്നും അയാളിൽ നിന്ന് അത്രയും തുക തിരിച്ചു പിടിക്കണമെന്ന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഉത്തരവിട്ടിട്ടുണ്ടെന്നും അതിനാൽ ഗ്രാറ്റിവിറ്റി കണ്ടുകെട്ടിയതിൽ തെറ്റില്ലെന്നും ഗ്രാറ്റിവിറ്റി അതോറിറ്റിയുടെ ഉത്തരവുകൾ റദ്ദാക്കപ്പെടേണ്ടതാണെന്നും മേനേജ്മെന്റ് വാദിച്ചു. ഗ്രാറ്റിവിറ്റി കണ്ടുകെട്ടുന്നതിന് മുമ്പ് പാലിക്കേണ്ട നിബന്ധനകളും നടപടിക്രമങ്ങളും ഗ്രാറ്റിവിറ്റി നിയമത്തിൽ കൊടുത്തിട്ടുണ്ടെന്നും അത് പാലിക്കാതെ ഗ്രാറ്റിവിറ്റി നിഷേധിക്കാനാവില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. തൊഴിലാളിക്ക് ലഭിക്കേണ്ട ഗ്രാറ്റിവിറ്റി എത്രയെന്ന് നിശ്ചയിക്കാതെയും കാരണം കാണിക്കൽ നോട്ടീസ് നല്കാതെയും ഗ്രാറ്റിവിറ്റി നിഷേധിച്ചത് സ്വാഭാവിക നീതിയുടെ ലംഘനമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ഗ്രാറ്റിവിറ്റി അതോറിറ്റികളുടെ ഉത്തരവുകൾ ശരിവയ്ക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.